(ii) സ്കിൽ ഡവലപ്പ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം പദ്ധതിയുടെ നടത്തിപ്പിലേക്കായി കേന്ദ്ര സർക്കാർ നേരിട്ട് എസ്.ഡി.ഐ.എസ്.കെ സൊസൈറ്റിക്ക് നൽകിയ തുകയിൽനിന്ന് 7 കോടി 36 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(iii) സ്റ്റേറ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ്

ശമ്പളം നവംബർ 2014 വരെ	-2507550 രൂപ
സിവിൽ വർക്സ്, യന്ത്ര സാമഗ്രികളുടെ സംഭരണം	-4326672 രൂപ
ആകെ	-6834222 രൂപ

ക്രമ നമ്പർ	വകുപ്പ്	ബഡ്ജറ്റിൽ അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച (ലക്ഷത്തിൽ)
1.	ലേബർ കമ്മീഷണറേറ്റ്	46210	25014.21
2.	ഫാക്ടറി&ബോയിലേഴ്സ്	600	158.13
3.	ഡയറക്ടറേറ്റ് ഓഫ് ട്രെയിനിംഗ്	8778	4710.21
4.	ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റ്	2153	747.95
5.	ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ ഇൻഷ്വറൻസ് സർവ്വീസസ്	140	39.5
6.	കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ്	175	35

പ്രസ്സ് തൊഴിലാളികളുടെ ക്ഷേമം

238 (946) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രസ്സ് തൊഴിലാളികളുടെ മിനിമം കൂലി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്സ് തൊഴിലാളികൾക്ക് ഒരു ഐ.ആർ.സി. രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ ;

(സി) പ്രസ്സ് തൊഴിലാളികൾക്ക് ക്ഷേമനിധി കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ പ്രിന്റിംഗ് പ്രസ്സുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചത് 10-8-2010-ലെ സ.ഉ. (എം.എസ്) നമ്പർ 95/2010/തൊഴിൽ പ്രകാരമാണ്. പ്രസ്തുത മിനിമം വേതനം വീണ്ടും പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സർക്കാർ നിർദ്ദേശപ്രകാരം മിനിമം വേതന ഉപദേശക സമിതി സ്വീകരിച്ചുവരുന്നു.

(ബി) പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ് തൊഴിലാളികൾക്ക് ഐ.ആർ.സി. രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

(സി) പ്രസ് തൊഴിലാളികൾക്ക് മാത്രമായി ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ടി തൊഴിലാളികളെ കേരള അസംഘടിത തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ

239 (947) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ :

(ബി) എങ്കിൽ ഏതെല്ലാം പുതിയ തസ്തികകളാണ് സൃഷ്ടിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

കശുവണ്ടി തൊഴിലാളികളുടെ വേതനം

240 (948) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി തൊഴിലാളികളുടെ വേതനം പരിഷ്കരിച്ചിട്ട് എത്ര കാലമായി എന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly